LIBRARY ARCHIVES Kerala Legislative Assembly

തിരുരങ്ങാടി മണ്ഡലത്തിൽ പുതിയ പോളിക്ലിനിക്ക്

280 (3000) ശ്രീ. കെ. പി. എ. മജീദ്: താഴെ കാണുന്ന ചോദ്യത്തിന് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

തിരുരങ്ങാടി മണ്ഡലത്തിൽ പുതുതായി ഒരു വെറ്ററിനറി പോളിക്ലിനിക്ക് സ്ഥാപിക്കുന്നതിന് നടപടി സ്വീകരിക്കുമോ?

പ്രൊപ്പോസൽ ലഭിക്കുന്ന മുറയ്ക്ക് പരിശോധിക്കുന്നതാണ്.

ഗുരുവായൂർ ക്ഷേത്രത്തിലെ ആനകളുടെ ചികിത്സ

281(3001) ശ്രീ. എൻ. കെ. അക്ബർ: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ:

(എ) ഗുരുവായൂർ ക്ഷേത്രത്തിൽ എഴുപതോളം ആനകളുടെ ചികിത്സ, രോഗ പ്രതിരോധ പ്രവർത്തനങ്ങൾ, ആരോഗ്യ സംരക്ഷണം എന്നിവയ്ക്കായി ആധുനിക ചികിത്സാകേന്ദ്രം പരിഗണനയിലുണ്ടോ;

(ബി) ഉണ്ടെങ്കിൽ ആയതിന്റെ വിശദാംശങ്ങൾ ലഭ്യമാക്കാമോ?

(എ&ബി) ഇല്ല. ഗുരുവായൂർ ദേവസ്വത്തിൽ നിലവിലുള്ള 44 ആനകളുടെ ചികിത്സയ്ക്കായി 5 ഡോക്ടർമാരെ ഉൾപ്പെടുത്തിയ "ജീവധനം" വിദഗ്ധസമിതി നിലവിലുണ്ട്. കൂടാതെ അവിടത്തെ ആനകൾക്ക് അത്യാവശ്യ ചികിത്സകളും മറ്റുസേവനങ്ങളും ഗുരുവായൂർ നഗരസഭയിലെ മൂന്ന് മൃഗാശുപത്രികളിലെ വെറ്ററിനറി സർജന്മാർ ചെയ്തുവരുന്നുണ്ട്.

മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യ

282(3002) ശ്രീ. അനൂപ് ജേക്കബ്: താഴെ കാണുന്ന ചോദ്യങ്ങൾക്ക് മൃഗസംരക്ഷണ-ക്ഷീരവികസന വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) കൂത്താട്ടുകുളത്തെ മീറ്റ് പ്രോഡക്ട്സ് ഓഫ് ഇന്ത്യയിൽ മുൻസർക്കാരിന്റെ കാലയളവിൽ കാലാവധി കഴിഞ്ഞ മീറ്റ് ഒഴിവാക്കിയതിലൂടെ എത്ര ലക്ഷം രൂപയുടെ നഷ്ടമാണ് ഉണ്ടായതെന്ന് അറിയിക്കാമോ; വിശദാംശം നൽകുമോ?

മീറ്റ് പ്രൊഡക്ട്സ് ഓഫ് ഇന്ത്യയിൽ കാലാകാലങ്ങളിൽ ഉപയോഗശൂന്യമായ ഉല്പന്നങ്ങൾ സ്റ്റോക്കിൽനിന്നും മാറ്റി അതിനെ ഉപോല്പന്നമായ എല്ലുപൊടിയും ടാലോയുമാക്കി മാറ്റി വില്പന നടത്തുന്നു. ഇത്തരത്തിൽ ഉപയോഗശൂന്യമായത് ആകെ ഉത്പാദനത്തിന്റെ 1%-ൽ താഴെയാണ്. കമ്പനിയിൽ ഉത്പാദിപ്പിക്കുന്ന ഇറച്ചിയും ഇറച്ചി ഉത്പന്നങ്ങളും 1% വരെ റെറ്റ് ഓഫ് ചെയ്യുന്നത് അനുവദനീയമാണ്. ഇതിന്റെ വിശദാംശങ്ങൾ അനുബന്ധമായി ചേർത്തിരിക്കുന്നു*.

*നിയമസഭയുടെ ഔദ്യോഗിക വെബ്സൈറ്റിൽ ലഭ്യമാണ്.